ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുകാരണം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നിട്ടില്ല.

വനാവകാശ നിയമപ്രകാരം ആദിവാസികളുടെ അവകാശസംരക്ഷണം

192(2237) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമത്തിനനുസൃതമായി ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വനാവകാശ നിയമമനുസരിച്ച് നിലിവലുള്ളതിൽനിന്നും മെച്ചമായ എന്തെല്ലാമാണ് ആദിവാസി വിഭാഗത്തിന് ലഭ്യമാകേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസികൾക്ക് നിയമാനുസൃതം ലഭ്യമാകേണ്ട അവകാശങ്ങൾ പോലും ലഭ്യമാക്കാത്തത് പ്രസ്തുത വിഭാഗത്തിനോട് കാണിക്കുന്ന ക്രൂരതയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സാദ്ധ്യമായിട്ടുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ രൂപീകരിച്ചു. എല്ലാ കോളനികളിലും വനാവകാശ നിയമം നടപ്പിലാക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിച്ചു. ഇതിനായി ബന്ധപ്പെട്ട വനാവകാശ കമ്മിറ്റി മെമ്പർമാർക്കും, എസ്.ഡി.എൽ.സി. മെമ്പർമാർക്കും, പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും, ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കും വിവിധ ജില്ലകളിലായി പരിശീലനം നൽകിയിട്ടുണ്ട്. വ്യക്തിഗത അവകാശങ്ങൾ തിരുവനന്തപുരം, തൃശ്ശൂർ ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും നൽകിയിട്ടുണ്ട്. 571 വനാവകാശ കമ്മിറ്റികളിലായി ഇതുവരെ 24899 വ്യക്തിഗത അവകാശവും 146 സാമൂഹിക അവകാശവും 446 വികസന അവകാശവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനാവകാശ നിയമമനുസരിച്ച് കൈവശ ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ സ്വന്തം ആവശ്യത്തിന് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

(സി) ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ചിട്ടയായി നടന്നുവരുന്നതിനാൽ പരാമർശിച്ച സാഹചര്യം നിലവിലില്ല.

ആദിവാസി ശിശുമരണങ്ങൾ

193(2238). ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണ് ഉണ്ടായത് എന്ന് പറയാമോ;

(സി) അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും വൈദ്യസഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യസഹായം നൽകുന്നതിനും 2015-16 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചു എന്നതും വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഏതെങ്കിലും ഒരു ഊരു കേന്ദ്രീകരിച്ച് മാത്രം ശ്രദ്ധേയമായ രീതിയിൽ ശിശുമരണം സംഭവിച്ചിട്ടില്ല.

(സി) പോഷകാഹാര കുറവ് മാത്രം കാരണമായി ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. മരണമടഞ്ഞ കുട്ടികൾക്ക് ഗുരുതരമായ മറ്റ് ആരോഗ്യപ്രശ്നങ്ങൾ കൂടി ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യ സഹായം ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽമാത്രം ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly